# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

## നൂതന കാർഷിക വിപണന ശാക്തീകരണ പദ്ധതികൾ

## പ്രസിദ്ധീകരണത്തിന്

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും, വിളകൾക്ക് മുന്തിയ വില ഉറപ്പാക്കുന്നതിനും കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്കരണം, വിപണനം എന്നീ സംവിധാനം ശാക്തീകരിക്കുന്നതിലേയ്ക്കും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. താഴെ പറയുന്ന നൂതന പദ്ധതികളിൽ ഗുണഭോക്താക്കൾ ആകുവാൻ അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

1. കണ്ടെയ്നർ മോഡ് പ്രോക്യൂർമെന്റ് & പ്രോസസ്സിങ്ങ് സെന്റർ (CMPC)

2. പഴം, പച്ചക്കറികൾ, മറ്റ് കാർഷിക വിഭവങ്ങൾ എന്നിവ ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി താപ നിയന്ത്രണ സൗകര്യം ഉള്ള വാൻ വാങ്ങുന്നതിനുള്ള പദ്ധതി.

3. കാർഷിക ഉൽപന്ന പ്രോസസ്സിംങ്ങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതി.

4. പ്രോസസ്സിംങ്ങ്/മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന്/ഇൻകുബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായ പദ്ധതി.

**1 കണ്ടെയ്നർ മോഡ് പ്രോക്യൂർമെന്റ് & പ്രോസസ്സിങ്ങ് സെന്റർ (CMPC) സ്ഥാപിക്കുന്നതിന്**

പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്ക് (PACS)/ ഹോർട്ടിക്കോർപ്പ്/ സ്റ്റാർട്ടപ്പുകൾ/ കുടുംബശ്രീ യൂണിറ്റുകൾ/ SHG/ FPO/ പഞ്ചായത്തുകൾ/ മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവർക്ക് ഗുണഭോക്താക്കൾ ആകാം. PACS-ന് 50% (പരമാവധി 4.0 ലക്ഷം രൂപ + 0.5 ലക്ഷം റിവോൾവിംഗ് ഫണ്ട് ആണ് ധനസഹായ തുക). മറ്റ് വിഭാഗങ്ങൾക്ക് 100% സബ്സിഡി നൽകും (പരമാവധി 8 ലക്ഷം രൂപ + 1 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട്). AIFമായി ബന്ധിപ്പിക്കുന്നത് അനുവദിനിയമാണ്.

PACS- ന് 2 ടാർജറ്റുകൾ

2. **പഴം, പച്ചക്കറികൾ, മറ്റ് കാർഷിക വിഭവങ്ങൾ എന്നിവ താപനില നിയന്ത്രിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി താപ നിയന്ത്രണ സൗകര്യം ഉള്ള വാൻ വാങ്ങുന്നതിനുള്ള പദ്ധതി.**

PACS-ന് 50% (പരമാവധി 4.0 ലക്ഷം രൂപ ആണ് ധനസഹായ തുക). ഹോർട്ടിക്കോർപ്പ്/ സ്റ്റാർട്ടപ്പുകൾ/ കുടുംബശ്രീ യൂണിറ്റുകൾ/ SHG/ FPO പഞ്ചായത്തുകൾ/ ഇക്കോ ഷോപ്പ് ഉടമ തുടങ്ങിയ മറ്റ് വിഭാഗങ്ങൾക്ക് 100% സബ്സിഡി നൽകും (പരമാവധി 8 ലക്ഷം രൂപ). AIFമായി ബന്ധിപ്പിക്കുന്നത് അനുവദിനിയമാണ്.

PACS-ന് 1 ടാർജറ്റ്

3. **കർഷകർക്ക്/കർഷക ഗ്രൂപ്പ്കൾക്ക്/ സ്വയം സഹായക സംഘങ്ങൾക്ക്/ഫാർമർ പ്രോഡ്യൂസർ ഗ്രൂപ്പുകൾക്ക് കാർഷിക ഉൽപന്ന പ്രോസസ്സിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതി**

50% ആണ് സബ്സിഡി തുക. ജില്ലയ്ക്ക് 6 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയിൽ 40% തുക സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ(SHM)/ SMAM എന്നീ പദ്ധതികളിൽ നിന്നും കണ്ടെത്തുവാൻ വ്യവസ്ഥ ഉണ്ട്.

4. **ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ധനസഹായ പദ്ധതി**

പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്ക്/ സ്റ്റാർട്ടപ്പുകൾക്ക്/ സ്വയം സഹായക സംഘങ്ങൾക്ക്/ ഫാർമർ പ്രോഡ്യൂസർ ഗ്രൂപ്പുകൾക്ക് പ്രോസസ്സിങ്ങ്, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന്. ആവിശ്യാധിഷ്ഠിത ധനസഹായം ആയിട്ട് പ്രോജക്ക് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ടി പദ്ധതി ഘടകത്തിൽ ധനസഹായം അനുവദിക്കുന്നത്. സംസ്ഥാനതലത്ത് 93 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

5. **Infrastructure facilities and support to District Procurement Centre (Urban) DPC**

നാടൻ പഴം, പച്ചക്കറികൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് ജില്ലാതലത്തിൽ സൗകര്യം ഒരുക്കുന്നതിനുള്ള സംവിധാനം.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 50% അതായത് 23 ലക്ഷം രൂപ + 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട്

മറ്റുള്ളവർക്ക് 46 ലക്ഷം രൂപ + 4 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട്

സംസ്ഥാനത്തിന് 3 ടാർജറ്റുകൾ AIFമായി ബന്ധിപ്പിക്കുന്നത് അനുവദിനിയമാണ്.

6. **Establishment of urban secondary processing units/incubation centre**

Container mode incubation centre -ലൂടെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിന് വേണ്ടിയുള്ളതാണ്.

ധനസഹായം പ്രൈമറി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 12.5 ലക്ഷം രൂപ + 1.75 ലക്ഷം റിവോൾവിംഗ് ഫണ്ട്.

മറ്റുള്ളവർക്ക് 25 ലക്ഷം രൂപ + 3.5 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട്

സംസ്ഥാനത്തിന് 3 ടാർജറ്റുകൾ

**7. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന പച്ചക്കറി വിൽപന വാൻ**

സംസ്ഥാന ടാർജറ്റ് - 1 എണ്ണം

ധന സഹായം 48 ലക്ഷം

പ്രാദേശികമായി ലഭ്യമാക്കുന്ന പഴം പച്ചക്കറികളും മൂല്യവർദ്ധിത ഉത്പന്നങ്ങളും വില്പ്പന നടത്തുന്നതിനാണ്

പ്രാദേശിക സഹകരണ സംഘങ്ങൾ, ഹോർട്ടികോർപ്പ്, VFPCK/ കുടുംബശ്രീ/SHG/FPO , ഫാർമർ ഗ്രൂപ്പുകൾ

AIFമായി ബന്ധിപ്പിച്ചിരിക്കുന്നു

**8. കർഷകമിത്രയുടെ തെരഞ്ഞെടുപ്പ്**

കാർഷിക വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് തലത്തിൽ 1 കർഷകമിത്രയെ തെരഞ്ഞെടുക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. കർഷക രജിസ്ട്രേഷൻ, കാർഷികാടിസ്ഥാനമുള്ള കുടുംബത്തിലുള്ളവർക്ക് മുൻഗണന അപേക്ഷകൾ 06/10/2021-ന് മുൻപായി അതാത് കൃഷി ഭവൻ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുമായോ, കൃഷി ഭവനുമായോ ബന്ധപ്പെടേണ്ടതാണ്.

3/10/21

**PROJECT DIRECTOR**
ATMA, Thiruvananthapuram